LIBRARY ARCHIVES Kerala Legislative Assembly

**വൈദ്യുത ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള പദ്ധതി**

217(2493) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുത ബിൽ ഓൺ ലൈനായി അടയ്ക്കുന്നതിന് കെ.എസ്.ഇ.ബി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ;എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

നിലവിൽ വൈദ്യുതിച്ചാർജ് ഓൺലൈനായി അടയ്ക്കാൻ സംവിധാനമുണ്ട്. വെബ്സൈറ്റ് മുഖേനയും മൊബൈൽ ആപ്പ് മുഖേനയും, പേ.ടി.എം. അടക്കമുള്ള പേമെന്റ് വാലറ്റുകൾ മുഖാന്തരവും വൈദ്യുതി ചാർജ് ഓൺലൈനായി അടയ്ക്കാൻ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ

- ഭാരത് ബിൽ പേയ്മെന്റ് സിസ്റ്റവുമായി വിനിമയ സമന്വയം സാദ്ധ്യമാക്കി ഓൺലൈനായി വൈദ്യുതി ബിൽ അടയ്ക്കാനുള്ള സംവിധാനം ഉടൻ നിലവിൽവരും.
- കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ "Ease of Doing Business" പോർട്ടലായ സ്വിഫ്റ്റ് വഴി വൈദ്യുതി കണക്ഷനുള്ള ബില്ലടയ്ക്കാനുള്ള സൗകര്യം സജ്ജമായി വരുന്നു.

**ഊർജ്ജ സംരക്ഷണ പദ്ധതികൾ**

218 (2494) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു യൂണിറ്റ് വൈദ്യുതിയുടെ ദുരുപയോഗം ഒഴിവാക്കുന്നത് ഒന്നേകാൽ യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് തുല്യമായതിനാൽ ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിന് ആവിഷ്കരിച്ചിട്ടുളള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) എല്ലാ വീടുകളിലെയും പൊതു നിരത്തുകളിലെയും ഫിലമെന്റ്, സി.എഫ്.എൽ. ബൾബുകൾക്ക് പകരം എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) വൈദ്യുതി ദുരുപയോഗം കുറയ്ക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ; എൽ.ഇ.ഡി. ബൾബുകളെ നന്നാക്കി പുനരുപയോഗിക്കാൻ ഇ.എം.സി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;